## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - യു.ഡി.ക്ലാർക്കുമാരായ ശ്രീ.പി. ഉണ്ണിക്കൃഷ്ണൻ, ശ്രീ. ശെൽവരാജ്, ശ്രീ. ശിവകുമാർ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=================================================================

### തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(സാധാ) നം. 2524/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 26.09.2014

=================================================================

പരാമർശം:-
1) 03.12.2013-ലെ 8747/ഇയു2/13/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
2) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. പി. ഉണ്ണിക്കൃഷ്ണന്റെ 28.01.2014-ലെ മറുപടി.
3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. ശൽവരാജിന്റെ 25.01.2014-ലെ മറുപടി.
4) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. ശിവകുമാറിന്റെ തീയതി രേഖപ്പെടുത്താത്ത മറുപടി.
5) നഗരകാര്യ ഡയറക്ടറുടെ 13.03.2014-ലെ വി2 13582/13 നമ്പർ കത്ത്.

### <u>ഉത്തരവ്</u>

പാലക്കാട് നഗരസഭയിലെ അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 30.12.2011-ൽ പാലക്കാട് നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് സംബന്ധിച്ച തീർപ്പു കല്പിക്കാത്ത 57 അപേക്ഷകളിലും തീർപ്പു കൽപിച്ച 23 അപേക്ഷകളിലും അനിയന്ത്രിതമായി താമസം വരുത്തിയതായും പേഴ്സണൽ രജിസ്റ്റർ ശരിയായ വിധം രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നില്ല എന്നും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല എന്നും കണ്ടെത്തുകയുണ്ടായി.

ടി ക്രമക്കേടുകൾക്ക് ഉത്തരവാദികളായ യു.ഡി.ക്ലാർക്ക് ശ്രീ.പി.ഉണ്ണിക്കൃഷ്ണൻ, യു.ഡി.ക്ലാർക്ക് , ശ്രീ. ശെൽവരാജ് , ശ്രീ. ശിവകുമാർ എന്നിവർക്ക് പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ടി മെമ്മോയ്ക്ക് പരാമർശം (2), (3), (4) പ്രകാരം കുറ്റാരോപിതർ മറുപടി നൽകിയിട്ടുണ്ട്.

സെക്ഷനിലെ അമിത ജോലിഭാരവും, നഗരസഭയിലെ കൗൺസിലർമാർ കൂട്ടത്തോടെ കൊണ്ടു വരുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകൾ അപ്പോൾ തന്നെ

അനുവദിച്ചു നൽകുന്ന നഗരസഭയിലെ പ്രത്യേക സാഹചര്യവും R1 സെക്ഷനിൽ ടി സമയത്ത് നികുതി പരിഷ്ക്കരണം സംബന്ധിച്ച അടിയന്തിര ജോലികൾ ചെയ്തു തീർക്കേണ്ടതും ഉള്ളതുകൊണ്ടുമാണ് താൻ കൈകാര്യ ചെയ്തിരുന്ന ആർ1 സെക്ഷനിൽ നിന്നും മേൽ പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകൾ കണ്ടുകിട്ടുന്നതിനും തീർപ്പ് കല്പിച്ച് നൽകുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ടെന്ന് ശ്രീ. പി. ഉണ്ണിക്കൃഷ്ണൻ ബോധിപ്പിച്ചിരിക്കുന്നു. സെക്ഷനിലെ അമിത ജോലിഭാരവും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകളുടെ എണ്ണക്കൂടുതലും ടാക്സ് റിവിഷൻ സംബന്ധിച്ച ജോലിത്തിരക്കും ഉള്ളതുകൊണ്ടാണ് ടി കാലയളവിൽ ടിയാന് പേഴ്സണൽ രജിസ്റ്റർ മുഴുവനായും എഴുതി സൂക്ഷിക്കാൻ കഴിയാതിരുന്നതെന്നും മേലിൽ തന്റെ ഭാഗത്തുനിന്നും ഇത്തരം അപാകതകൾ ഉണ്ടാവുകയില്ലയെന്നും ടിയാൻ ബോധിപ്പിച്ചിരിക്കുന്നു.

ദിനംപ്രതി വിവിധ ആവശ്യങ്ങൾക്കായി ശരാശരി 30 അപേക്ഷകൾ ലഭിക്കാറുണ്ടെന്നും ലഭിക്കുന്ന അപേക്ഷകൾ പേഴ്സണൽ രജിസ്റ്ററിൽ ചേർക്കാൻ പോലും സമയം കിട്ടാറില്ലാ എങ്കിലും സമയം കിട്ടുമ്പോൾ രേഖപ്പെടുത്താറുണ്ടെന്നും സാധാരണ ഗതിയിൽ വരുന്ന അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ബന്ധപ്പെട്ടവരിൽ നിന്നും ലഭിക്കാൻ വൈകുന്നതുകൊണ്ടാണ് കാലതാമസം നേരിട്ടതെന്നും ഇക്കാര്യത്തിൽ തന്റെ ഭാഗത്തുനിന്നും മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും ശ്രീ. ശെൽവരാജ് ബോധിപ്പിച്ചിരിക്കുന്നു.

പാലക്കാട് നഗരസഭയിൽ റവന്യു സെക്ഷനിൽ യു.ഡി.ക്ലാർക്കായ ശ്രീ. ശിവകുമാറിന് 19 മുതൽ 27 വരെയുള്ള 9 വാർഡുകളിലെ ഉടമസ്ഥാവകാശ സാക്ഷ്യപത്രം നൽകൽ, താമസ സാക്ഷ്യപത്രം നൽകൽ, ജമമാറ്റൽ സംബന്ധിച്ച ഫയലുകൾ, വിമുക്ത ഭടന്മാരുടെ കെട്ടിട നികുതി ഇളവ് സംബന്ധിച്ച ഫയൽ, വേക്കൻസി റമിഷൻ, മറ്റ് ഇതര അപേക്ഷകളിലും നടപടി സ്വീകരിക്കൽ തുടങ്ങിയ ജോലിയാണ് ഉണ്ടായിരുന്നത് എന്നും ടി സമയത്ത് ഡിപ്രഷൻ അസുഖം ബാധിച്ച് ചികിത്സയിൽ ആയിരുന്നുവെന്നും ശ്രീ. ശിവകുമാർ ബോധിപ്പിച്ചിരിക്കുന്നു. വളരെ കൂടുതലായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചതിനാലും തീർപ്പായ 23 സർട്ടിഫിക്കറ്റുകൾ അപേക്ഷകൽ കൈപ്പറ്റാതിരുന്നതിനാലുമാണ് തീർപ്പുകല്പിക്കാൻ കാലതാമസം നേരിട്ടത് എന്നും മറ്റു ഫയലുകൾ യഥാസമയം തീർപ്പ് കൽപ്പിക്കേണ്ട ഉത്തരവാദിത്വം നിറവേറ്റുന്നതിനും അസുഖം മൂലം ജോലി കൃത്യസമയത്ത് ചെയ്തു തീർക്കുവാൻ സാധിക്കാതെ വരികയും ചെയ്തതിനാലാണ് പേഴ്സണൽ രജിസ്റ്റർ കൃത്യമായി പൂർത്തീകരിക്കാൻ സാധിക്കാത്തത് എന്ന് മറുപടിയിൽ ടിയാൻ വിശദീകരിച്ചിരിക്കുന്നു.

ശ്രീ.പി. ഉണ്ണിക്കൃഷ്ണൻ, ശ്രീ. ശെൽവരാജ്, ശ്രീ. ശിവകുമാർ എന്നിവർ നൽകിയ വിശദീകരണത്തിൽ ടിയാന്മാരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച അവർ സമ്മതിച്ചിരിക്കുന്ന സാഹചര്യത്തിലും ടിയാന്മാരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച ഗുരുതരമായതല്ലാത്തതിനാലും ടി വീഴ്ചകൾ ആവർത്തിക്കരുതെന്ന കർശന താക്കീത് നൽകി ടിയാന്മാർക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്. വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ. പി. ഉണ്ണിക്കൃഷ്ണൻ, യു.ഡി.ക്ലാർക്ക്
ശ്രീ. ശെൽവരാജ്, യു.ഡി.ക്ലാർക്ക്
ശ്രീ. ശിവകുമാർ, യു.ഡി.ക്ലാർക്ക്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**